## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2326 — 17.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽ പഠനം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങളെ അവരുടെ താല്പര്യമനുസരിച്ചുള്ള തൊഴിൽ പഠിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ബി) | വകുപ്പിന്റെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ് മുതൽ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകളിൽ വിജയിച്ചവരും/ പാസാകാത്തവരും/കോഴ്സുകൾ പൂർത്തിയാക്കാത്തവരുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് അവരുടെ താല്പര്യം അനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം പരിശീലനത്തിന് ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ നിശ്ചിത മാതൃകയിലുള്ള ബയോഡാറ്റ, പരിശീലനം ആഗ്രഹിക്കുന്ന കോഴ്സ് എന്നീ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ